# പോലീസ് വകുപ്പ്

കേരളം

**No.H2-31775/2023/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
☏04962523031
തീയതി.30-10-2024

**DO No. 655/2024/ഡി ആർ**

വിഷയം : അച്ചടക്ക നടപടി - ശ്രീമതി. സിന്ധു.ഇ.എം (PEN 148349), GASI D 7343,കൊയിലാണ്ടി പി.എസ്, കോഴിക്കോട് റൂറൽ എന്നവർക്കെതിരെയുള്ള വാക്കാലല്ലാത്ത അന്വേഷണം - (H2/PR- 06/2024/DR)- പി.ആർ മിനുറ്റ്സ് തീർപ്പ് കല്പിക്കുന്നത് -സംബന്ധിച്ച്

സൂചന : 1) 15/06/2023 തിയ്യതിയിലെ H2/31775/2023/DR നമ്പർ ഉത്തരവ്
2) പൊലീസ് ഇൻസ്പെക്ടർ, വനിത സെൽ സമർപ്പിച്ച പി.ആർ മിനുറ്റ്സ്
3) 29/01/2024 തിയ്യതിയിലെ H2/31775/2023/DR നമ്പർ നോട്ടീസ്
4) ശ്രീമതി. സിന്ധു.ഇ.എംസമർപ്പിച്ച 15/02/2024 തിയ്യതിയിലെ മറുപടി
5) 17/08/2024 തിയ്യതിയിലെ H2/31775/2023/DR നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6) ശ്രീമതി. സിന്ധു.ഇ.എം സമർപ്പിച്ച മറുപടി

**ശ്രീമതി. സിന്ധു.ഇ.എം (PEN 148349), GASI D 7343** എന്നവർ പിങ്ക് പോലീസിൽ ജോലി ചെയ്തു വരവേ, 09/06/2023 തിയ്യതി കൊയിലാണ്ടി പി.എസ് ക്രൈം നമ്പർ. 531/23 കേസിലെ അതിജീവിത ബസ്സിൽ യാത്ര ചെയ്യവേ ബസ്സിൽ ഉണ്ടായിരുന്ന അന്യ സംസ്ഥാനക്കാരനായ പ്രതി ലൈംഗിക കയ്യേറ്റവും, മാനഹാനിയും വരുത്തിയ കാര്യത്തിന് പിങ്ക് പോലീസ് ഡ്യൂട്ടിയിലുണ്ടായിരുന്ന GASI ലീന.കെ.പി, WCPO 9980 നീതു എന്നിവരോട് പരാതി പറയുകയും, എന്നാൽ പരാതി വേണ്ടത്ര ഗൗരവത്തിൽ എടുക്കാതെയും പ്രതിയുടെ അഡ്രസ്സും, ഫോൺ നമ്പറും കൃത്യമായി വെരിഫൈ ചെയ്യാതെയും പ്രവർത്തിക്കുകയും, പ്രതിയെ തുടർനടപടികൾ സ്വീകരിക്കാതെ പോകാൻ അനുവദിക്കുകയുമുണ്ടായി. പിന്നീട് അതിജീവിത കൊയിലാണ്ടി പി.എസ്സിൽ നേരിട്ട് ഹാജരായി മൊഴി നൽകിയതിൻ്റെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ .531/23 u/s 354 A(2),354 IPC & 8 r/w 7 of POCSO Act പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും, പ്രതിയെ അറസ്റ്റ് ചെയ്യുകയുമുണ്ടായി.

15 വയസ്സ് മാത്രം പ്രായമുള്ള വിദ്യാർത്ഥിനിയായ അതിജീവിതയുടെ പരാതി വേണ്ടത്ര ഗൗരവത്തിൽ എടുക്കാതെയും, പ്രതിയുടെ അഡ്രസ്സും, ഫോൺ നമ്പറും കൃത്യമായി വെരിഫൈ ചെയ്യാതെയും പിങ്ക് പോലീസ് പ്രവർത്തിക്കുകയുണ്ടായ സംഭവത്തിൽ അന്നേ ദിവസം പിങ്ക് പോലീസ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന സീനിയറായ ഉദ്യോഗസ്ഥയായ ശ്രീമതി. സിന്ധു.ഇ.എം, GASI D 7343 എന്നവർ ആളുകൾ കൂട്ടം കൂടിയ ടി സംഭവത്തിൽ ഇടപെടാതെയും, വേണ്ടത്ര ജാഗ്രത കാണിക്കാതെയും ഉദാസീനമായി പ്രവർത്തിച്ചതായി വ്യക്തമായതിനെ തുടർന്ന് സൂചന ഒന്ന് ഉത്തരവ് പ്രകാരം പോലീസ് ഇൻസ്പെക്ടർ, വനിതാ സെല്ലിനെ അന്വേഷണ ഉദ്യോഗസ്ഥയായി ചുമതലപ്പെടുത്തി കൊണ്ട് ടിയാൾക്കെതിരെ ഒരു വാക്കാലല്ലാത്ത അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സൂചന 2 പ്രകാരം സമർപ്പിച്ച പി.ആർ മിനുറ്റ്സിന്റെ ഒരു പകർപ്പ് ടിയാൾക്ക് സൂചന 3 പ്രകാരമുള്ള നോട്ടീസിനോടൊപ്പം നല്കിയിട്ടുള്ളതുമാണ്.

ശ്രീമതി. സിന്ധു.ഇ.എം (PEN 148349), GASI D 7343 എന്നവർക്കെതിരെയുള്ള ആരോപണങ്ങൾ തെളിയുന്നതായി പി.ആർ മിനുറ്റ്സും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ വ്യക്തമാകുകയും, ആയതിനെതിരെ ടിയാൾ സൂചന 4 പ്രകാരം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാലും

അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങളോട് വിയോജിച്ച് കൊണ്ട് ടിയാളുടെ മേൽ പ്രവർത്തിയ്ക്ക് ശിക്ഷയായി ടിയാളുടെ അടുത്ത വാർഷിക വേതന വർദ്ധനവ് മൂന്ന് വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞു വെക്കുവാൻ താൽക്കാലികമായി തീരുമാനിക്കുകയും, ടിയാൾക്ക് സൂചന 5 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് സൂചന 6 പ്രകാരം ടിയാൾ സമർപ്പിച്ച വിശദീകരണം പരിഗണിച്ച് കൊണ്ട് ടിയാൾക്ക് നൽകിയ താൽകാലിക ശിക്ഷയിൽ ഭേദഗതി വരുത്തി കൊണ്ട് **ശ്രീമതി. സിസ്ദു.ഇ.എം (PEN 148349), GASI D 7343 എന്നവരുടെ അടുത്ത വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞു വെച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.** മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി 2 മാസത്തിനകം ടിയാൾക്ക് ബഹു.കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

30-10-2024
നിധിൻരാജ് പി ഐ.പി.എസ് ,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീമതി. സിസ്ദു.ഇ.എം (PEN 148349), GASI D 7343 എന്നവർക്ക് എസ്.എച്ച്.ഒ, കൊയിലാണ്ടി പി.എസ് മുഖാന്തിരം

പകർപ്പ് : 1) എസ്.എച്ച്.ഒ, കൊയിലാണ്ടി പി.എസ് (3 പകർപ്പുകൾ )- നടത്തിപ്പിനും, തിയ്യതി വെച്ച് ലക്ഷ്യം വാങ്ങി തിരികെ അയക്കുന്നതിനും
2) അഡിഷണൽ എസ്.പി, എ.എ, മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്, സി.എ എന്നിവരുടെ അറിവിലേക്കായി
3) എ1 മുതൽ എ5 B, ബി1 മുതൽ ബി3, എഫ് 1 മുതൽ എഫ് 6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി
4) ഡി.ഓ ബുക്ക്, ഡി.ഓ ഫയൽ